"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 - ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് പകരം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയും, പുതിയ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്**

സ.ഉ.(കൈ) നം.42/2026/LSGD    തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:-
1. 29.11.2024 ൽ LSGD-DB2/392/2024-LSGD-Part(1) നമ്പർ സർക്കുലർ.
2. 19.05.2025 ലെ സ.ഉ.(കൈ)നം.80/2025/LSGD.
3. 20.08.2025ലെ സ.ഉ.(കൈ)നം.153/2025/LSGD.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്ത് വാർഡ് 3-ൽ കുഴിമ്പിളി - പന്നിയംകുന്ന് റോഡ് എന്ന പ്രവൃത്തിക്ക് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 ൽ ഉൾപ്പെടുത്തി 15 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (2) പ്രകാരം നൽകുകയും, പിന്നീട് പ്രസ്തുത പ്രവൃത്തി റദ്ദ് ചെയ്ത് പകരം കണ്ണംപള്ളി ലിഫ്റ്റ് ഇറിഗേഷൻ റോഡ് എന്ന പ്രവൃത്തിക്ക് പരാമർശം (3) പ്രകാരം ഭരണാനുമതിയും നൽകിയിരുന്നു.

2. എന്നാൽ കുഴിമ്പിളി - പന്നിയംകുന്ന് റോഡ് എന്ന പ്രവൃത്തിയുടെ ഭരണാനുമതി പിൻവലിച്ചത് പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും വലിയ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ടെന്നും, പ്രസ്തുത റോഡ് നിലവിൽ പൂർണമായും പൊട്ടിപൊളിഞ്ഞ് സഞ്ചാരയോഗ്യമല്ലാതായിട്ടുണ്ടെന്നും, ആയതിനാൽ ടി പ്രവൃത്തിക്ക് മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കണമെന്ന് റോഡിന്റെ ഉപഭോക്താക്കളായ പ്രദേശവാസികൾ അഭ്യർത്ഥിച്ചിരുന്നു.

3. പരാമർശം (3) പ്രകാരം 33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പത്തനാപുരം നിയോജക മണ്ഡലത്തിലെ പാതിരിക്കൽ റോഡ് എന്ന പ്രവൃത്തിക്ക് പകരം

പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്, പത്തനാപുരം ഗ്രാമ പഞ്ചായത്തിലെ കുണ്ടയം - മൂലക്കട - കലുങ്കുമുക്ക് - പഴയപള്ളി - താവളത്തുമുക്ക് റോഡ് എന്ന പ്രവൃത്തിക്കും, 24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പത്തനാപുരം നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴ- ഇളങ്കമംഗലം റോഡ് എന്ന പ്രവൃത്തിക്ക് പകരം പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിലെ കുറ്റിക്കാട് - കോളേജ് മുക്ക് - മണമ്പുവിള റോഡ് എന്ന പ്രവൃത്തിക്കും ഭരണാനുമതി നൽകണമെന്ന് നിവേദനം ലഭിച്ചിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്ത് വാർഡ് 3 ൽ കുഴിമൂളി - പന്നിയംകുന്ന് റോഡ് എന്ന പ്രവൃത്തിക്ക് 15 ലക്ഷം രൂപയുടെ ഭരണാനുമതിനൽകിയും, പരാമർശം (3) പ്രകാരം 33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പത്തനാപുരം നിയോജക മണ്ഡലത്തിലെ പാതിരിക്കൽ റോഡ് എന്ന പ്രവൃത്തിക്ക് പകരം പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്, പത്തനാപുരം ഗ്രാമ പഞ്ചായത്തിലെ കുണ്ടയം - മൂലക്കട - കലുങ്കുമുക്ക് - പഴയപള്ളി - താവളത്തുമുക്ക് റോഡ് എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയും, പരാമർശം (3) പ്രകാരം 24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പത്തനാപുരം നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴ - ഇളങ്കമംഗലം റോഡ് എന്ന പ്രവൃത്തിക്ക് പകരം പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിലെ കുറ്റിക്കാട് - കോളേജ് മുക്ക് - മണമ്പുവിള റോഡ് എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ധനകാര്യ വകുപ്പ്.

ട്രഷറി ഡയറക്ടർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manju L S
Date: 02-02-2026 11:58:28

സെക്ഷൻ ഓഫീസർ